# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 156 01.12.2014 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള പദ്ധതിക്കായി എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ ; | (എ) | മൂന്ന് ഘട്ടങ്ങളിലായി ഇതുവരെ 1890 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | എത്ര ഭൂമി KIAL നു കൈമാറിയിട്ടുണ്ടെന്നും കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി എത്ര ഭൂമി കൈമാറിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലുമായി ഏറ്റെടുത്ത 1278.89 ഏക്കർ ഭൂമി കിയാലിന് കൈമാറിയിട്ടുണ്ട്. കുടിയൊഴിക്കപ്പെട്ടവരുടെ പുനരധിവാസത്തിനായി 12.20 ഏക്കർ ഭൂമി കൈമാറിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് മറ്റ് ഏതെങ്കിലും ഏജൻസികൾക്ക് ഭൂമി ഏറ്റെടുത്തു നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ; | (സി) | നൽകിയിട്ടില്ല. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി ഇനിയും എത്ര ഭൂമി ഏറ്റെടുക്കേണ്ടതുണ്ടെന്നും ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) | മൂന്നാം ഘട്ടത്തിൽ ഉൾപ്പെട്ട 33 ഏക്കർ ഭൂമി ഇനി ഏറ്റെടുക്കാനുണ്ട്. ഈ ഭൂമിയെ സംബന്ധിച്ചുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. ഇതു കൂടാതെ 143.51 ഏക്കർ ഭൂമി കൂടി കണ്ണൂർ എയർപോർട്ടിനു വേണ്ടി ഏറ്റെടുക്കാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ